HLM-0150

The Heavenly Light Ministry

യാഹ് നല്ല ഇടയൻ
എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ (02) യാഹ്
പച്ചയായ പുൽപുറങ്ങളിൽ
സ്വച്ഛമാം നദിക്കരികിലും
ക്ഷേമമായി പോററുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ (02) യാഹ്
കൂരിരുളിൻ താഴ്‌വരയതിൽ
ഏകനായ് സഞ്ചരിക്കിലും
ആധിയെന്യ പാർത്തിടുന്നതും
ആത്മനാഥൻ കൂടെയുള്ളതാൽ (02) യാഹ്
ശത്രുവിന്റെ പാളയത്തിലും
മൃഷ്ട ഭോജ്യമേകീടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിന്തുടർന്നീടും(02) യാഹ്
കഷ്ടനഷ്ട ശോധനകളിൽ
പൊൻമുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിൽ മീതെ
നിർഭയനായ് ഞാൻ വസിച്ചീടും (02) യാഹ്